# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3310. | 08-11-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി വർഷം തോറും കുറഞ്ഞുവരുന്നുവെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞിട്ടില്ല എന്നു മാത്രമല്ല, വിസ്തൃതി വർദ്ധിക്കുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 1,96,870 ഹെക്ടർ നെൽകൃഷിയിൽ നിന്നും 2017-18 ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്. |
| (ബി) നെൽകൃഷിയുടെ വിസ്തൃതി നിലവിൽ ഉള്ളതിൽ നിന്നും ഇനിയും കുറയാതിരിക്കുവാനും നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br>(സി) നെൽകൃഷി ലാഭകരമാക്കുന്നതിനും കൂടുതൽ കർഷകരെ ഈ മേഖലയിൽ എത്തിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ സർക്കാർ തലത്തിൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) & (സി) | സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്നു. ഈ പഞ്ചവൽസര പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലുള്ള നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുന്നതിനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത്. 2018 ആഗസ്റ്റിലെ മഹാപ്രളയവും 2019 ജൂൺ ജൂലൈ മാസങ്ങളിലെ വരൾച്ചയും ആഗസ്റ്റ് മാസത്തിലെ പ്രളയവും വിസ്തൃതി വ്യാപനത്തിനു അനല്പമായ തടസ്സം സൃഷ്ടിച്ചു.<br>നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5,500/- രൂപയും, സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിനു ഹെക്ടറിനു 10,000/- രൂപയും, |

ഒരുപ്പ് കൃഷി ഇരുപ്പുവാക്കുന്നതിനു 10.000/- രൂപയും. കരനെൽ കൃഷിക്ക് 13.600/- രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30.000/- രൂപയും രണ്ടാം വർഷം 7.000/- രൂപയും മൂന്നാം വർഷം 4,500/- രൂപയുമാണ് ധനസഹായം നൽകുന്നത്. നെല്ലിനു കുമ്മായ വസ്തുക്കൾ നൽകുന്നതിനു 5.400/- രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിനു 500/- രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഗ്രൂപ്പ് ഫാമിങ് സമിതികൾക്ക് ഹെക്ടറിനു 360/- രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1.000/- രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചിലവ് സബ്സിഡി 17,500/- രൂപ വരെ നൽകാൻ കഴിയും. നെൽ വിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, ആർ.കെ.വി.വൈ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, സസ്യ സംരക്ഷണം, കാർഷികയന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000/- രൂപ ധനസഹായം നൽകും. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15.000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10.000/- രൂപയും. റിലീസ് ചെയ്തിട്ട്

10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000/- രൂപയും നൽകും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000/- രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്ന തളിക്കുന്നതിനുള്ള സ്പ്രേയറിന് 600/- രൂപയും പവർ സ്പ്രേയറിന് 3,000/- രൂപയും വിന്നോവറിന് 10,000/- രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000/- രൂപ സബ്സിഡി നൽകും.

RAD-NMSA പദ്ധതി പ്രകാരം തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10,000/- രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങുന്നതിനും, മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുള്ള പരിപോഷണവസ്തുക്കളുടെ പ്രയോഗത്തിനും, മണ്ണ് ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നടപ്പാക്കുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000/- രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500/- രൂപയും, യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500/- രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500/- രൂപയുടെ ധനസഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ